**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1124** **29-08-2022 - ൽ മറുപടിയ്ക്ക്**

**കോഴിമുട്ട, കോഴിയിറച്ചി ഉത്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിമുട്ട, കോഴിയിറച്ചി എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | ഇറച്ചി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കേരളചിക്കൻ പദ്ധതിയും, മുട്ട ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഫാമുകളിൽ നിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നഴ്സറി മുഖേന വളർത്തി സർക്കാരിന്റെ തന്നെ ജനകീയാസൂത്രണ പദ്ധതി മുഖേനയും ഡിപ്പാർട്ട്മെന്റ് മുഖേനയും സർക്കാർ നിരക്കിൽ വിതരണം നടത്തുന്നു.<br><br>തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന കെപ്കോയുടെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലയ്ക്കെടുത്ത് സ്വന്തം പ്രോസസിംഗ് പ്ലാൻറിൽ സംസ്കരിച്ച് കോഴിയിറച്ചിയും അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. അതിനു പുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ നൽകുന്നു. ഇപ്പോൾ പ്രതിവർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന ഈ ഫാമിൽ നിന്നും 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം നടക്കുന്നു. കൂടാതെ വനിതാമിത്രം, കെപ്കോ ആശ്രയ, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കു വേണ്ടിയുള്ള |

| | | | |
|---|---|---|---|
| | | | പ്രത്യേക പദ്ധതി, ബ്ലോക്ക് പഞ്ചായത്ത്തല കോഴിവളർത്തൽ പദ്ധതി എന്നിവയും നടപ്പിലാക്കുന്നുണ്ട്. കെപ്കോ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏകദേശം 74 കോടി മുട്ട അധികമായി ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തത്ഫലമായി അയൽ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കോഴിമുട്ടയുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്.<br><br>കോഴിയിറച്ചി ഉൽപാദനത്തിനായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് ഇടയാറിൽ ഒരു കോഴി സംസ്കരണ ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. ഇതോടൊപ്പം ഒരു കോഴി ഫാമും പ്രവർത്തിക്കുന്നുണ്ട്. റീബിൽഡ് കേരള പദ്ധതി പ്രകാരം ഒരു കോഴിയിറച്ചി സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം 2022-2023 -ൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി.) മുഖേന കോഴി വളർത്തലിന് പ്രോത്സാഹനം നൽകുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | പൗൾട്രി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി) മുഖേന കോഴി വളർത്തലിന് പ്രോത്സാഹനം നൽകുന്ന പദ്ധതികളുടെ വിശദംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1) <u>കെപ്കോ ആശ്രയ</u>:-** തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ വിധവകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴികൾ, 3 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു.<br><br>**<u>2) കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്:</u>**<br><br>സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളിലെ യു.പി വിഭാഗത്തിൽപ്പെട്ട 6, 7 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട 8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും 5 കോഴിയും, 1 കിലോ തീറ്റ, മരുന്ന് എന്നിവ വിതരണം ചെയ്യുന്നു.<br><br>**<u>3) 100 കോഴിയും, കൂടും പദ്ധതി (ബ്ലോക്ക് പഞ്ചായത്ത് തല പദ്ധതി)</u>**<br><br>സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ ജെ.എൽ.ജി ഗ്രൂപ്പുകളിൽ അംഗമായിട്ടുള്ള ഗുണഭോക്താവിന് 120 ദിവസം പ്രായമായ ബി.വി-380 ഇനത്തിൽപ്പെട്ട 100 കോഴിയും, 100 കോഴികളെ പാർപ്പിക്കാനുള്ള ഒരു ഹൈടെക് കൂടും ആണ് നൽകുന്നത്.<br><br>**<u>4.) കെപ്കോ വനിതാമിത്രം</u>** |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിൽനിന്നും 1000 വനിതാ ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴി, 3 കിലോതീറ്റ മരുന്ന് എന്നിവയാണ് നൽകുന്നത്. |
| (സി) | കോഴി വളർത്തൽ സംരംഭകർക്ക് മുട്ടക്കോഴി കുഞ്ഞുങ്ങളെയും ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയും ആവശ്യാനുസരണം ലഭ്യമാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ കെ.എസ്.പി.ഡി.സി. എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ